സർവകലാശാലയ്ക്ക് സ്ഥലം പതിച്ചു നൽകാൻ നടപടി

78 (2875) ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയ്ക്ക് യൂണിവേഴ്സിറ്റി സെന്റർ സ്ഥാപിക്കുന്നതിന് കാസർഗോട് ജില്ലയിലെ പേരോൽ വില്ലേജിൽ സ്ഥലം പതിച്ചു നൽകുന്ന നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) സർവകലാശാല സെന്ററിന് കെട്ടിടം നിർമ്മിക്കാൻ യൂണിവേഴ്സിറ്റി ഫണ്ട് നീക്കിവച്ച സാഹചര്യത്തിൽ, വാസയോഗ്യമോ, കൃഷിയോഗ്യമോ അല്ലാത്ത പ്രസ്തുത ഭൂമി അടിയന്തിരമായും പതിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ പേരോൽ വില്ലേജിൽ റി.സ.നം. 189/1 എ9 -ൽ പ്പെട്ട 12 ഏക്കർ സ്ഥലം, കണ്ണൂർ യൂണിവേഴ്സിറ്റിക്ക് പതിച്ചു നൽകുന്നതിനേക്കാൾ പാട്ടത്തിനു നൽകുന്നതാണ് ഉചിതമെന്ന് സർക്കാർ തീരുമാനിക്കുകയുണ്ടായി. അപ്രകാരം പാട്ടത്തിന് നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത ഭൂമി ദീർഘകാലത്തേയ്ക്ക് സൗജന്യ നിരക്കിൽ പാട്ടത്തിനു നൽകാനാണ് ഉദ്ദേശിക്കുന്നത്.

അപ്പ്ലേറ്റ് അതോറിറ്റികൾ

79 (2876) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഭൂപരിഷ്ക്കരണത്തിന് ഇന്ന് എത്ര അപ്പലേറ്റ് അതോറിറ്റികൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം;

(ബി) ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) 1996 ഏപ്രിൽ 1 മുതൽ 1999 മാർച്ച് 31 വരെ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതിന് ചെലവാക്കിയിട്ടുള്ള തുകകളുടെ വിശദവിവരങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത കാലഘട്ടത്തിൽ ആകെ ചെലവായ തുക എത്ര എന്ന് അറിയിക്കുമോ;

(ഇ) ഇക്കാലത്ത് ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമിച്ച കമ്മീഷനുകൾ, വക്കീലൻമാർ, റവന്യൂ ഇൻസ്പെക്ടർമാർ, റിസീവർമാർ എന്നിവരുടെ എണ്ണം എത്രവീതമെന്ന് അറിയിക്കുമോ;

(എഫ്) ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട് പാസ്സാക്കിയ ഇഞ്ചക്ഷൻ ഉത്തരവുകൾ, ഇന്റർ ലോക്യൂട്ടറി ഉത്തരവുകൾ എന്നിവ എത്രവീതമുണ്ടെന്ന് അറിയിക്കുമോ;

(ജി) അപ്പീലും റിവിഷനും പോയ കേസ്സുകൾ എത്ര; അവയിൽ എത്ര കേസ്സുകൾ തീർപ്പായി;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഈ കാലത്ത് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുക വഴി വിവിധ ഇനങ്ങളിൽ കിട്ടിയ ആകെ തുക എത്ര; അവയുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിൽ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് ആകെ 3 അപ്പലേറ്റ് അതോറിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. അവ,

1. അപ്പലേറ്റ് അതോറിറ്റി (ഭൂപരിഷ്കരണം) ആലപ്പുഴ
2. അപ്പലേറ്റ് അതോറിറ്റി (ഭൂപരിഷ്കരണം) തൃശ്ശൂർ
3. അപ്പലേറ്റ് അതോറിറ്റി (ഭൂപരിഷ്കരണം) കണ്ണൂർ

(ബി) സ്പെഷ്യൽ തഹസീൽദാർ ലാന്റ് ട്രൈബ്യൂണലുകളുടെ വിധിക്കെതിരായി കെ.എൽ.ആർ.ആക്ട് പ്രകാരം അപ്പീൽ അധികാരമുള്ളത് ഭൂപരിഷ്ക്കരണ അപ്പലേറ്റ് അതോറിറ്റികൾക്കാണ്. ഇപ്രകാരം ഫയൽ ചെയ്യുന്ന കേസുകൾ തീർപ്പാക്കുന്നതാണ് അപ്പലേറ്റ് അതോറിറ്റികളുടെ പ്രവർത്തനം

(സി) 1996 ഏപ്രിൽ 1 മുതൽ 1999 മാർച്ച് 31 വരെ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതിന് ചെലവായിട്ടുള്ള തുകയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു;

വർഷം	ചെലവായ തുക
1996-97	9,11,01,410
1997-98	6,77,51,500
1998-99	10,15,10,898

(ഡി) പ്രസ്തുത കാലഘട്ടത്തിൽ ആകെ 26,03,63,808 രൂപയാണ് ചെലവായിട്ടുള്ളത്.

(ഇ) ഇക്കാലത്ത് ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമിച്ച

1.	കമ്മീഷനുകളുടെ എണ്ണം	507
2.	വക്കീലൻമാരുടെ എണ്ണം	58
3.	റവന്യൂ ഇൻസ്പെക്ടർമാർ	562
4.	റിസീവർമാരുടെ എണ്ണം	-

(എഫ്) ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട് പാസ്സാക്കിയ

1.	ഇൻജക്ഷൻ ഉത്തരവുകൾ	138
2.	ഇന്റർ ലോക്യൂട്ടറി ഉത്തരവുകൾ	828
(ജി)	അപ്പീലും റിവിഷനും പോയ കേസ്സുകൾ	3114
	തീർപ്പായ കേസ്സുകൾ	1669

(എച്ച്) ഈ കാലത്ത് ഭൂപരിഷ്കരണം നടപ്പിലാക്കുകവഴി വിവിധ ഇനങ്ങളിലായി ആകെ 1,19,43,000 രൂപ ലഭിച്ചിട്ടുണ്ട്. അവയുടെ വിശദ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

371/2010.

LIBRARY ARCHIVES Kerala Legislative Assembly